**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 238 25.04.2017- ൽ മറുപടിയ്ക്ക്

## ആശ്വാസ കിരൺ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | ആശ്വാസകിരൺ പദ്ധതി പ്രകാരം രോഗികളെ സംരക്ഷിക്കുന്നവർക്ക് നൽകുന്ന പ്രതിമാസ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ; | (എ) | 21.10.2016-ലെ സ.ഉ.(എം.എസ്) നം.51/2016/സാനീവ പ്രകാരം ആശ്വാസകിരണം പദ്ധതി മുഖേന നൽകിവരുന്ന പ്രതിമാസ ധനസഹായം 600/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ടി പദ്ധതി പ്രകാരം പ്രതിമാസം കൃത്യമായി തുക ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>2016 ആഗസ്റ്റ് 31 വരെ ലഭിച്ചിട്ടുള്ള അപേക്ഷകരിൽ അപാകതകൾ പരിഹരിച്ച് ലഭ്യമായതും, ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളതുമായ അപേക്ഷകർക്കും 2011 മുതൽ 2016 മെയ് വരെ സാമൂഹ്യസുരക്ഷാ മിഷൻ ഓഫീസിലും കോഴിക്കോട് റീജിയണൽ ഓഫീസിലും ഇതുവരെ ധനസഹായം |
| (സി) | ആശ്വാസ കിരൺ പദ്ധതി പ്രകാരം കൃത്യമായി പ്രതിമാസം സഹായം ലഭിക്കുന്നത് സർക്കാർ ഉറപ്പുവരുത്തുമോ? | | |

| | | | |
|---|---|---|---|
| | | | കൊടുക്കാതിരുന്ന 23804 പേരുടെ അപേക്ഷകൾ തീർപ്പാക്കി ആകെ 90251 പേർക്ക് 2016 മാർച്ച് മുതൽ 2017 മാർച്ച് വരെയുള്ള ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം, കൃത്യമായി ലൈഫ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് മുടക്കം കൂടാതെ നിശ്ചിത കാലാവധിയ്ക്കുള്ളിൽ വിതരണം ചെയ്യുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആശ്വാസകിരണം പദ്ധതി അപേക്ഷകൾ ഓൺലൈനിലൂടെ സ്വീകരിക്കുന്നതിനും ധനസഹായം സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് നൽകുന്നതിന് വേണ്ട സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ.**